പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിച്ചിട്ടുള്ള ശമ്പള കുടിശ്ശിക

2 (3534) ശ്രീ. കെ. മുഹമ്മദാലി :
ശ്രീമതി രാധാരാഘവൻ :
ശ്രീ. വി. ബാലറാം :
ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ശമ്പള പരിഷ്കരണ ഉത്തരവ് വഴി സംസ്ഥാന സർക്കാർ ജീവനക്കാർക്ക് രണ്ടായിരമാണ്ടിൽ പിൻവലിക്കാവുന്ന രീതിയിൽ പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിച്ചിട്ടുള്ള കുടിശ്ശികയും ക്ഷാമബത്തയും നടപ്പുവർഷത്തെ വരുമാനമായി കണക്കാക്കാനാവുമോ ;

(ബി) ഇത്തരത്തിൽ ലയിപ്പിച്ച തുകയ്ക്ക് നടപ്പുവർഷം പ്രൊഫഷണൽ ടാക്സ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത്തരത്തിൽ നികുതി പിരിച്ചത് ക്രമവിരുദ്ധമാണെങ്കിൽ അതിന് എപ്രകാരം പരിഹാരം കാണാനുദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, 1999-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്ട് എന്നിവകൾ പ്രകാരം ഒരു ജീവനക്കാരന്റെ ശമ്പളം, ക്ഷാമബത്ത, ബോണസ്, മറ്റുവരുമാനങ്ങൾ എന്നിവ കൂട്ടിച്ചേർത്തതാണ് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള വരുമാനമായി കണക്കാക്കുന്നത്. ആയതിനാൽ ശമ്പള പരിഷ്ക്കരണ ഉത്തരവ് പ്രകാരവും കുടിശ്ശിക ക്ഷാമബത്തയായും ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ളതും പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിച്ചിട്ടുള്ളതുമായ തുകയും പ്രസ്തുത സാമ്പത്തികവർഷത്തെ വരുമാനമായി കണക്കാക്കുന്നതാണ്. രണ്ട് അർദ്ധവർഷ ഗഡുക്കളായാണ് തൊഴിൽ നികുതി ഈടാക്കുന്നത്.

(സി) ക്രമവിരുദ്ധമല്ല.

സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി

3 (3535) ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ മേഖലകളിൽ ചെലവ് ചുരുക്കൽ പദ്ധതി ആവിഷ്ക്കരിച്ചു ;

(സി) സാമ്പത്തിക പ്രതിസന്ധി കാരണം ട്രഷറി ഇടപാടുകളിൽ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സാമ്പത്തിക പ്രതിസന്ധി ഇല്ല.

(ബി) സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനായി പുതിയ തസ്തിക സൃഷ്ടിക്കൽ, പുതിയ വാഹനങ്ങൾ വാങ്ങൽ, ഓഫീസ് ചെലവുകൾ, യാത്രാ ചെലവുകൾ എന്നിവയിൽ ചെലവു ചുരുക്കലിന്റെ ഭാഗമായി നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എസ്. ടി. ഡി/ഐ. എസ്. ഡി സൗകര്യത്തോടെയുള്ള ടെലിഫോൺ, മൊബൈൽഫോൺ എന്നിവ അനുവദിക്കുന്നതിലും സംസ്ഥാനത്തിനു പുറത്ത് കോൺഫറൻസ്/പരിശീലനം/സെമിനാർ എന്നിവയിൽ പങ്കെടുക്കുന്നതിനും, നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിക്കാൻ പാടുള്ളതല്ല. ഉദ്യോഗസ്ഥന്മാർക്ക് സംസ്ഥാനത്തിനു പുറത്ത് പോകുന്നതിന് വിമാനയാത്ര നിരോധിച്ചിട്ടുണ്ട്. ഒഴിച്ചുകൂടാനാകാത്ത അവസരങ്ങളിൽ മാത്രം ഉദ്യോഗസ്ഥന്മാർക്ക് ഡൽഹിയിലേക്ക് വിമാനയാത്ര അനുവദിക്കുകയുള്ളൂ. വിദേശയാത്ര പൂർണമായും നിരോധിച്ചിട്ടുണ്ട്. ഈ ചെലവു ചുരുക്കൽ നടപടികളെല്ലാം തന്നെ സർക്കാർ കമ്പനികൾ/കോർപ്പറേഷനുകൾ/സ്വയംഭരണ സ്ഥാപനങ്ങൾ/സർവകലാശാലകൾ എന്നിവയ്ക്കും പൊതുമേഖലാ സ്ഥാപനങ്ങളും, അർദ്ധ സർക്കാർ സ്ഥാപനങ്ങളുമടക്കം സംസ്ഥാന ഖജനാവിൽ നിന്നും സാമ്പത്തികസഹായം പറ്റുന്ന എല്ലാ സ്ഥാപനങ്ങൾക്കും ബാധകമാണ്.

(സി) സാമ്പത്തിക പ്രതിസന്ധി ഇപ്പോൾ ഇല്ലാത്തതിനാൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(ഡി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക

4 (3536) പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക എത്രയെന്ന് തിട്ടപ്പെടുത്തി അവയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) കരാറുകാർ നൽകിയിട്ടുള്ള ബില്ലുകളുടെ മുൻഗണനാക്രമം തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് നൽകാമോ ;

(സി) 17-6-1999-ൽ കേരള ഗവൺമെന്റ് കോൺട്രാക്ടേഴ്സ് അസോസിയേഷനുമായി ബഹു: ധനകാര്യമന്ത്രി എന്തെല്ലാം കരാർ ഉണ്ടാക്കിയിട്ടുണ്ട് ;

(ഡി) എങ്കിൽ വിശദവിവരങ്ങൾ വ്യക്തമാക്കാമോ ;

(ഇ) ഈ കരാർ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദീകരണങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly